# സ്മരണ

★

ഗ്രന്ഥകർത്താവ്

ജോസഫ് പി. മാൻവെട്ടം

★

1964.

വില. 75 പൈസ.

M32

T61
M32

# സ്മരണ

★

ഗ്രന്ഥകർത്താവ്

ജോസഫ് പി. മാൻവെട്ടം

DHARMARAM COLLEGE LIBRARY, BANGALORE.
19395
T61 / M32

★

മാർച്ച് 1964.

വില. 75 പൈസ.

ഒന്നാം പതിപ്പ്

കോപ്പി 500

വില. 75 സ.

പകർപ്പവകാശം
ഗ്രന്ഥകർത്താവിന്

അച്ചടി. ഗുഡ്ഹോപ്പ് പ്രിൻേററഴ്സ്,
കോട്ടയം.

# ഉള്ളടക്കം

1. ജയിപ്പൂ സുദിനമേ.

2. ചെറുപുഷ്പത്തിന്റെ ചിന്തകൾ.

3. റിക്ഷാക്കാരൻ.

4. പുത്രവിയോഗം.

5. ജൂലൈ മൂന്ന്.

6. അമ്മ.

7. പന്തുകളി.

8. മാൻവെട്ടം കുന്ന്.

9. കുരിശിൽ.

10. ആർക്കുവേണ്ടി.

# സമർപ്പണം.

എന്റെ പിതാമഹനും ആയിരത്തിതൊള്ളാ
യിരത്തിനാല്പ് ഏപ്രിൽ ഒന്നാം തീയതി
( 1-4-1904 ) ദിവംഗതനുമായ വെരി: റവ:
ഫാദർ ഇട്ടൻപൌലൂസ് തടിയ്ക്കൽ അവർകളുടെ
പാവനസ്മരണയ്ക്കായി അവിടുത്തെ അറുപ
താം ചരമ വാർഷികത്തിൽ അവിടുത്തെ
എളിയ പുത്രനായ എന്റെ ''സ്മരണ''
എന്ന പ്രഥമ കൃതിയെ സാദരം സമർപ്പിച്ചു
കൊള്ളുന്നു.

ഗ്രന്ഥകർത്താവ്.

# മുഖവുര.

എൻെറ മനസ്സിൽ അപ്പൊഴപ്പോൾ തോന്നിയ ആശയങ്ങളെ സംഗ്രഹിച്ച് പല വൃത്തങ്ങളിൽ എഴുതിയിട്ടുള്ള പത്തു ചെറുകവിതകളുടെ സമാഹാരമാണ് 'സ്മരണ' എന്ന പേരിൽ ഞാൻ പ്രസിദ്ധം ചെയ്യുന്ന ഈ കൃതി. ഇതിലെ കവിതകളിൽ മിക്കവെയും തന്നെ അതതുകാലങ്ങളിൽ പത്രങ്ങളിലും മാസികകളിലും ഞാൻ പ്രസിദ്ധം ചെയ്തിരുന്നു! ഇതിൽ ചിലതിനെല്ലാം സാഹിത്യലോകത്തിൽ നിന്ന് എനിക്ക് അനുമോദനങ്ങളും ലഭിക്കുവാൻ ഇടയായിട്ടുണ്ട്. കേവലം വിദ്യാർത്ഥിയായിരുന്നകാലം മുതൽ കവിതയിൽ എനിക്കു അതിയായ താല്പര്യവും അഭിനിവേശവും ഉണ്ടായിവന്നു അതിനു കാരണഭൂതൻ എൻെറ വന്ദ്യ ഗുരുനാഥനും നലംതികഞ്ഞ സാഹിത്യകാരനുമായ പയ്യമ്പള്ളി ശ്രീ. ഗോപാലപിള്ള അവർകളാണ്. ആ ഗുരുമുഖത്തുനിന്നും കവിത പഠിക്കുവാൻ തുടങ്ങിയ കാലം മുതൽ കവിത ചൊല്ലുവാനും പഠിക്കുവാനും എഴുതുവാനും ഉള്ള അഭിരുചി വർദ്ധിച്ചുവന്നു. ആ ഗുരുവിനെ എൻെറപ്രഥമ കൃതിയിൽ ഞാൻ ആദ്യമായി ആദരപൂർവ്വം അനുസ്മരിക്കുന്നു. അങ്ങനെ കവിത എഴുതുവാൻ തുടങ്ങിയെങ്കിലും ആ കവിതകൾ ഓരോന്നും യഥാകാലം തെററു തിരുത്തിയും വേണ്ട ഉപദേശങ്ങൾ നൽകിയും എന്നെ അനുഗ്രഹിച്ചതു് എൻെറ വന്ദ്യ ഗുരുഭൂതനും പലേ കൃതികളുടെ കർത്താവും വാസനാ കവിയുമായ വിദ്വാൻ ജോസഫ് മുകളയിൽ അവർകളാണ്. ഈ പുസ്തകപ്രസിദ്ധീകരണത്തിനും കാരണഭൂതൻ അദ്ദേഹം തന്നെ. ആകയാൽ അദ്ദേഹത്തിനും ഇത്തരുണത്തിൽ എൻെറ അകമഴിഞ്ഞ കൃതജ്ഞതയെ പ്രകാശിപ്പിച്ചുകൊള്ളുന്നു. അടുത്തതായി എൻെറ ഗുരുവും സുപ്രസിദ്ധ സാഹിത്യകാരനുമായ വിദ്വാൻ ആയാംകുടി പി. ആർ.

ശങ്കരപ്പിള്ള അവർകറം ഈ കവിതകറം സശ്രദ്ധം വായിച്ചുകേട്ടു് ഈ പുസ്തകപ്രസിദ്ധീകരണത്തിന്നു് എന്നെ പ്രേരിപ്പിക്കുകയും എൻെറ അപേക്ഷാനുസരണം സസന്തോഷം ഇതിന്നു് ഒരു അവതാരിക എഴുതിത്തരുകയും ചെയ്തു. ആ വന്ദ്യ ഗുരുവിന്നും ഞാൻ എക്കാലവും കടപ്പെട്ടവൻ തന്നെ. അദ്ദേഹത്തിന്നും ഇത്തരുണത്തിൽ എൻെറ വിനീതമായ കൃപ്പുകൈ.

കൂടാതെ എൻെറ അഭ്യുദയകാംക്ഷിയും കവിതാപരിശ്രമത്തിൽ എപ്പോഴും ഉത്തേജനം നൽകി എന്നെ അനുഗ്രഹിച്ചിട്ടുള്ള പണ്ഡിതസർവ്വഭൗമനും അനേകഗ്രന്ഥങ്ങളുടെ കർത്താവുമായ സാഹിത്യതിലകൻ ഷെവലിയർ ഫാ. സി. കെ. മററം, എം. ആർ. ഏ. എസ്സ്. അവർകളോടും എനിക്കുള്ള അകൈതവമായ നന്ദിയെ ഈ അവസരത്തിൽ ഞാൻ പ്രത്യേകം പ്രകടിപ്പിച്ചുകൊള്ളുന്നു.

ഈ പുസ്തകത്തിൻെറ അച്ചടി ഏററവും ഭംഗിയായി നിർവ്വഹിച്ചുതന്ന കോട്ടയം ഗുഡ് ഹോപ്പ് പ്രിൻേറഴ്സ് ഭാരവാഹികളോടും എനിക്കുള്ള കൃതജ്ഞതയെ രേഖപ്പെടുത്തിക്കൊണ്ടു് എൻെറ പ്രഥമ കൃതിയായ ''സ്മരണ'' എന്ന ഈ ചെറുപുസ്തകത്തെ വായനക്കാരായ മാന്യമഹാജനങ്ങളുടെ മുൻപിൽ ഞാൻ സമർപ്പിച്ചുകൊള്ളുന്നു!

ഗ്രന്ഥകർത്താവു്.

മാൻവെട്ടം
1-4-1964

# അവതാരിക.

ഞാൻ ഒരിക്കൽ സാഹിത്യതിലകൻ, ഫാദർ. സി. കെ. മററത്തിൻെറ ''ചരിത്രചർച്ച'' വായിച്ചപ്പോഠം ആ ഗ്രന്ഥത്തിൽ മാൻവെട്ടം പി. ജോസഫ് എന്നൊരു കവിയെക്കുറിച്ചു സ്മരിച്ചിരിക്കുന്നതു കാണുകയുണ്ടായി അന്നു മുതൽ എനിക്കു ആ യുവകവിയെ ഒന്നു കാണണമെന്നുള്ള മോഹം തുടങ്ങി. രണ്ടുമൂന്നു വ്യാഴവട്ടത്തിനു മുമ്പു ഞാൻ മാൻവെട്ടത്തിനു സമീപമുള്ള മേമ്മുറി സ്കൂഠം പ്രഥമാദ്ധ്യാപകനായിരുന്ന കാലത്തു പഠിപ്പിച്ച ശിഷ്യന്മാരിൽ ആരെങ്കിലുമായിരിക്കുമൊ മി. ജോസഫ് എന്ന ശങ്കയാണു് എനിക്കു് ആ കവിയെ ഒന്നു കാണണമെന്നുള്ള ആശ വർദ്ധിപ്പിച്ചതു്. ശിഷ്യന്മാരുടെ ഉയർച്ച ആചാര്യന്മാർക്കു് അഭിമാനകരമാണല്ലൊ? ദിവസങ്ങഠം അങ്ങനെ കുറെ അധികം കഴിഞ്ഞു ഒരു ദിവസം ഞാൻ വീട്ടിലിരുന്നു് ഏതോ ഒരു പുസ്തകം വായിക്കുകയായിരുന്നു. അപ്പോഠം മന്ദസ്മേര സുന്ദരമായ മുഖത്തോടു കൂടിയ ഒരു യുവാവു് അവിടെ വന്നു. അദ്ദേഹത്തിൻെറ പക്കൽ ഒരു ബുക്കുമുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തെ സൂക്ഷിച്ചു നോക്കി. എൻെറ സ്മരണാമണ്ഡലം മങ്ങിയിരുന്നതിനാൽ എനിക്കു പെട്ടെന്നു ആഠം മനസ്സിലായില്ല. ഞാൻ ആ ചെറുപ്പക്കാരനോടു് ഇരിക്കുവാൻ ആവശ്യപ്പെട്ടു. അദ്ദേഹം ഇരിക്കുവാൻ വളരെ മടി കാണിച്ചു. എൻെറ നിർബന്ധംമൂലം ഒടുവിൽ ആ ചെറുപ്പക്കാരൻ ആസനസ്ഥനായി. ഇരിക്കാനുള്ള മടി കണ്ടപ്പോഠം, അദ്ദേഹം എൻെറ പൂർവ്വശിഷ്യഗണത്തിലുഠംപ്പെട്ട ഒരാളായിരിക്കുമെന്നുള്ള ശങ്ക എന്നിൽ അങ്കുരിച്ചു അതു യഥാർത്ഥവുമായിരുന്നു. അദ്ദേഹം എൻെറ ഒരു പൂർവ്വശിഷ്യനായ മാൻവെട്ടം മി. ജോസഫ് തന്നെയായിരുന്നു. വളരെക്കാലം മുമ്പു് എൻെറ മുമ്പിലിരുന്ന ആ കൊച്ചുമുഖം എൻെറ സ്മരണയിൽ ഉദിച്ചു. പഠിച്ചുകൊണ്ടിരുന്ന കാലത്തുതന്നെ ജോസഫ് മററു വിഷയങ്ങളെ അപേക്ഷിച്ചു ഭാഷയിൽ കുറെ അധികം പ്രാവീണ്യം പ്രകടിപ്പി

ച്ചിരുന്നു. ഭാഷയിലുള്ള ഔത്സുക്യമദ്ദനാഭാവമാണ് ഇന്നു അദ്ദേഹത്തെ ഒരു വാസനാകവിയാക്കിതീർത്തിട്ടുള്ളത്.

ജോസഫിൻെറ കൈയ്യിലിരുന്ന ബുക്ക്, അദ്ദേഹം പലപ്പോഴായി എഴുതി പ്രസിദ്ധം ചെയ്തിട്ടുള്ള കവിതകളുടെ ഒരു സമാഹാരമായിരുന്നു കവിതകൾ മുഴുവൻ സ്വരമാധുര്യത്തോടുകൂടി നല്ല ഈണത്തിൽ അദ്ദേഹം എന്നെ വായിച്ചു കേൾപ്പിച്ചു. എനിക്കു തോന്നിയ അഭിപ്രായഭേദങ്ങൾ ഞാൻ അപ്പൊഴപ്പോൾ അദ്ദേഹത്തെ അറിയിക്കുകയും അവ ഓരോന്നും അദ്ദേഹം തിരുത്തുകയും ചെയ്തു മി ജോസഫ് കൈരളിക്കു സമർപ്പിച്ച ഹൃദ്യമായ ആ നൈവേദ്യം എനിക്ക് അത്യന്തം ആസ്വാദ്യമായിത്തോന്നി. ജോസഫിൻെറ ഭാവി ഭാസുരമായിരിക്കുമെന്നു് ആ കവിതകൾ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു.

മി. ജോസഫ് പ്രസിദ്ധം ചെയ്യാനുദ്ദേശിക്കുന്ന ''സ്മരണ'' എന്ന ഈ ലഘുകൃതിയിൽ വിവിധ വൃത്തങ്ങളിലായി പത്തു കവിതകൾ അടങ്ങിയിരിക്കുന്നു അവയിൽ ഒരെണ്ണം മാത്രം സംസ്കൃതവൃത്തവും ബാക്കിയുള്ളവയെല്ലാം ദ്രാവിഡവൃത്തങ്ങളുമാകുന്നു. കവികൾ സംസ്കൃത വൃത്തങ്ങളെപ്പൊതുവേ 'ഗളഗസ്തം' ചെയ്തിരിക്കുന്ന ഒരു കാലമാണല്ലൊ ഇതു്. ആ സ്ഥിതിക്ക് ഒരു കവിതയെങ്കിലും സംസ്കൃതവൃത്തത്തിലാകാമെന്നുവെച്ചതിൽ സന്തോഷം തോന്നുന്നു സംസ്കൃതവൃത്തങ്ങൾ ഭാഷാഭിവൃദ്ധിക്കു വളരെ സഹായിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഒരിക്കലും വിസ്മരിക്കാവുന്നതല്ല. തന്മൂലം കവികൾ ആ മനോഭാവം വെടിയേണ്ടതുമാകുന്നു ഒന്നിനെ വെടിഞ്ഞു മറെറാന്നിനെ മാത്രമേ സ്വീകരിക്കയുള്ളൂ എന്ന നയം സ്വീകാര്യമല്ലെന്നേ എനിക്കഭിപ്രായമുള്ളൂ.

ഇതിലെ കവിതകൾ ഓരോന്നും അത്യന്തം ഹൃദ്യങ്ങളും മനോഹരങ്ങളുമാണ്. കവിയുടെ വാസനാവൈഭവം അവയിൽ ഓരോന്നിലും പ്രതിപദം കളിയാടുന്നുണ്ടെങ്കിലും, പദഘടനയിൽ ഒന്നുകൂടി ശ്രദ്ധിക്കേണ്ടതാണെന്നുള്ള അഭിപ്രായവും എനിക്കുണ്ടു്. പല ഭാഗങ്ങളും ഇവിടെ ഉദ്ധരിച്ചു കവിതയുടെ ലാളിത്യവും സ്വാരസ്യവും വിശ

ദമാക്കാവുന്നതാണ്. പക്ഷെ, ഈ ലഘുകൃതിയുടെ അവതാരിക അധികം നീണ്ടുപോകുന്നതു് ഔചിത്യക്കുറവാകുമെന്നു് വിചാരിച്ചു് അതിനു ഞാൻ തുനിയുന്നില്ല. ഒന്നുരണ്ടുദാഹരണങ്ങൾ മാത്രം ഇവിടെ കാണിക്കാം. സംസ്കൃതവൃത്തത്തിലുള്ള ''പുത്രവിയോഗ''മെന്ന കവിതയിലെ ഒരു ഭാഗമാണു ഞാൻ ഇവിടെ ഉദ്ധരിക്കുന്നതു്.

'നടന്നുപോയിട്ടകിലെന്റെ മുമ്പിൽ
നടക്കുവാൻമോദമുയർന്നിരുന്നു;
ഒട്ടുക്കമൊരസ്സംഗതി മൃത്യുവിങ്കൽ
കടക്കുമെൻ മുൻപിതിചൊന്നതാവാം.

വിടർന്ന പൂക്കൾതരുവല്ലിതോറും
തുടന്നു നീളേനിരകത്തിനില്ലേ,
ഉടൻ പറിക്കാൻ കരമാരുയർത്തു
ഇടസ്സുനില്ലുംചെറുമൊട്ടിനായു് ഹാ!

മരിച്ചിടും നാളിനു മുന്നമെന്റെ
ശിരസ്സിലാകൊച്ചുകരങ്ങളാലേ
ഒരല്പനേരം തുടരെത്തലോടി-
ട്ടൊരുമ്മതന്നങ്ങു ചിരിച്ചുനിന്നു.

മരിക്കുമക്കാലമെനിക്കുനാം കാൻ
തരപ്പെടാച്ചുംബനമെന്നു കണ്ടോ
ധരിച്ചു ചിന്തിച്ചവനേകി മുന്നം
സ്മരിച്ചുമാഴ്ക്കാനിടയായി വന്നു.

നലംപെടും നമ്മതുടച്ചു മാററാൻ
കാലം, കരിംകൈയുയരത്തിൽ നീട്ടി
ധരസ്സുകത്താഴികൾ കൂട്ടിമർത്ത്യ-
ശിരസ്സുനീററുന്നമരുന്നിനാവാം!''

ഇങ്ങനെ പോകുന്നു അതിലെ പദ്യങ്ങൾ ഓരോന്നും. പ്രരോദനം, കണ്ണുനീർത്തുള്ളി മുതലായ ഭാഷയിലെ ഏതു

വിലാപകാവ്യത്തോട്ടം കിട നില്ക്കത്തക്ക ശോകത്മകതവും, അലങ്കാരഭംഗിയും, അർത്ഥപുഷ്ടിയും ഈ പദ്യങ്ങാക്കുണ്ടെന്നുള്ളതിന്ന് സംശയമില്ല. യഥാൎത്ഥത്തിൽ ദ്രാവിഡവൃത്തത്തിലുള്ള കവിതകളെ അപേക്ഷിച്ച് എനിക്കധികം ബോധിച്ചതു സംസ്കൃത വൃത്തത്തിലുള്ള ഈ കവിതയാണ്. അതു രുചിഭേദമായിരിക്കാം. ഏതെങ്കിലുമാകട്ടെ.

''വാർമുടിക്കെട്ടിൽ വഹിച്ചുംവിരിമാറിൽ
ഹാരമായ്ച്ചേൎത്തും വിഭൂഷയാക്കാൻ
രമ്യഹർമ്മ്യങ്ങളിൽ മഞ്ജരിചാൎത്തുവാൻ
കുഞ്ഞുങ്ങാക്കൊന്നു കളിക്കുവാനായ്
വാസനയേല്ക്കുവാൻ ഭംഗികണ്ടീടുവാൻ
വാട്ടവോളം കൂടെക്കൊണ്ടുപോകാൻ
ആരും വരാമെന്നെക്കൊയ്യെടുത്തീടുവാൻ
ആലംബഹീനർക്കുള്ളൗദാര്യങ്ങാം
എന്നുടെ ഭാവിയെഭാസുരമാക്കുവാൻ
ഇന്നിവരാരാലും സാദ്ധ്യമല്ല.
മേളം തുളുമ്പുന്ന ലോകക്കടലിലെ–
യോളത്തിൽപെട്ടു നശിച്ചു പോകാം
വാസനവിട്ടുസുഷമവെടിവോളം
റോസാപ്പൂറാണിയെന്നോതിയേക്കാം''

ഇതു് ഒരു ചെറുപുഷ്പത്തിൻെറ ചിന്തകാം എന്ന കവിതയിലുള്ളതാണ്. കവി, ഭാഗ്യന്തരേണ ഇതിൽ പല ലോകതത്വങ്ങളേയും സ്വാർത്ഥതയുടെ മൂർദ്ധന്യത്തേയും സരസമായി പ്രതിപാദിച്ചിരിക്കുന്നു. എത്ര നിസ്സാര വസ്തുക്കളും കവികളുടെ ദൃഷ്ടികളിൽപ്പെടുമ്പോാം അവ സചേതനങ്ങളും ലോകതത്വപ്രതിപാദകസമൎത്ഥങ്ങളുമായിപ്പരിണമിക്കുന്നു. വീണ പൂവ് മുതലായ കവിതകാം അതിനു ദൃഷ്ടാന്തങ്ങളാണ്.

ഒരു റിക്ക്ഷാക്കാരൻെറ സ്ഥിതിയെ വർണ്ണിച്ചിരിക്കുന്നതു കാണുക.

1. തൽക്ഷണം കാണും വിഘ്നംതീർത്തുടൻ–
ഗമിക്കവാൻ
2. 'പക്ഷിപോൽ കൊക്കീടുന്നു 'ഹോയി'
എന്നിടയ്ക്കിടെ;
ആവിവണ്ടിയാമിവനുള്ളിലായെരിയുന്നൊ-
രാവിതൻ ശക്തിയല്ലോതിരിയും ചക്രം രണ്ടും
ആരിലുമനുകമ്പാധീനരായ്കാണും ജോലി–
ക്കാരിതുനാംകാൻ കൂലി; നാംകിയാൽത്തീരുന്നതോ?
ഹാ! മനുഷ്യനെമർത്ത്യൻ വലിച്ച 'വലിക്കുന്നു'
മനുഷ്യജന്മം കഷ്ടം! എന്തിനതിൽപ്പരം ശോച്യം
മനുഷ്യാധമാ! നിൻെറ ഭാരവുംപേറിക്കൊണ്ടീ-
മനുഷ്യനാണോ? മുമ്പിൽ കുനിയോട്ടുന്നോരിവൻ
കണ്ണില്ലേയകക്കാമ്പിൽ കൈയ്‌വിളക്കില്ലേ കഷ്ടം!
കണ്ണീരുചിന്നിച്ചാട്ടം കാഴ്ചയെക്കണ്ടീടുവാൻ?
കൂലിയാളവൻ സത്യം;കൂലിനീനാംകുന്നുണ്ടാം
വേലതൻനികൃഷ്ടതയെന്തയേ! ധരിക്കാത്തു്?

ഉദരംഭരണവ്യഗ്രതമൂലം മനുഷ്യനെ മനുഷ്യൻ വഹിച്ചുകൊണ്ടുപോകുന്ന ഹീനത കവി എത്ര ഭംഗിയായി വർണ്ണിച്ചിരിക്കുന്നു. ഈ ഭാഗം നല്ല ഒരു സാഹിത്യചിത്രത്തിനു കൂടി ഉദാഹരണമായി സ്വീകരിക്കാവുന്നതാണ്.

''അമ്മ'' എന്ന കവിതയിലെ ഒരു ഭാഗം കൂടി ഉദ്ധരിച്ചുകൊണ്ട് ഈ ഘട്ടം അവസാനിപ്പിക്കാമെന്നു വിചാരിക്കുന്നു.

താതൻപിരിയുകിൽ നന്ദനക്കാശ്രയം
മാതാവുതന്നെയാ,ണായവരം പോകിലോ
കേവലമാഗ്രഹവാടി, വാടീടുമാ–
റാവുള്ളു: സത്യം, ഭയങ്കരം ചിന്തയിൽ !
.... .... ... .... ... ... ...
എന്നുമാകർഷകപ്പുഞ്ചിരി തൂകിയീ–
മന്നിടം നീണ്ടുനിവന്നുകിടക്കുന്നു;
എത്രപേർ മുങ്ങിത്തുഴഞ്ഞു കൈനീട്ടിഹാ!
എത്തീലലോകത്തിനാഴമറിയുവാൻ !!
എത്രപേർചാടിത്തകർത്തു കുലുക്കുവാ–
നൊത്തില്ല; നാണിച്ചതിന്നടിപെട്ടുപോയ്

ലോകമേ! നിൻപുറമൊന്നു തങ്കക്കതിർ
ഹാ! കാൺമൂ നിന്നകം കള്ളക്കരിനിഴൽ
ഈ വിധം വഞ്ചനതിങ്ങി നിറഞ്ഞതാം
ജീവിതം കഷ്ടം നിറുത്തു മതി മതി!

വഞ്ചനാത്മകമായ ഈ ലോകത്തെ കവി ഭംഗിയായി വർണ്ണിച്ചിരിക്കുന്നു. ലോകത്തിൻെറ പുറമോടി കണ്ടു ഭ്രമിക്കരുതെന്നും അതിൻെറ അകം കള്ളക്കരിനിഴൽ നിറഞ്ഞതാണെന്നും കവി ഉപദേശിക്കുന്നു.

മനുഷ്യനു് ആകാശത്തിൽ സഞ്ചരിക്കുവാനും ആററംബോമ്പു നിർമ്മിക്കുവാനും ചന്ദ്രലോകത്തിൽ എത്തുവാനും ആഴിയുടെ അടിത്തട്ടിൻെറ ആഴമറിവാനുമൊക്കെ സാധിക്കുന്നുണ്ടെങ്കിലും മരണത്തെ തരണം ചെയ്വാൻ അവൻ ഇന്നും അശക്തനായിത്തന്നെ കാണപ്പെടുന്നു. ആ വിഷയത്തിൽ അവൻ ഇന്നും മർത്ത്യൻ തന്നെ! മനുഷ്യൻെറ അപൂർണ്ണത പലതിലുമെന്നപോലെ ഈ വിഷയത്തിലും മുഴച്ചുതന്നെ നിൽക്കുന്നു. ലോകം നശ്വരമാണു്. ശാശ്വതമായിട്ടു് ഒന്നേയുള്ളു എന്നു കവി പല ഘട്ടങ്ങളിലും നമ്മേ അനുസ്മരിപ്പിക്കുന്നുണ്ടു്.

ഇതു് ചി. ജോസഫിൻെറ പ്രഥമ കൃതിയാണു്. ഇതിലെക്കവിതകൾ മുമ്പു പല പത്രങ്ങളിലും മാസികകളിലും പ്രസിദ്ധം ചെയ്തിട്ടുള്ളവയുമത്രെ. ഒരു പക്ഷേ ഈ ലഘുകൃതിയിൽ പല പാകപ്പിഴകളും കണ്ടേക്കാം. ശിഷ്യവാത്സല്യം കൊണ്ടു് അവ എൻെറ ദൃഷ്ടിയിൽപ്പെട്ടില്ലെന്നും വരാവുന്നതാണു്. ഈ ലഘുകൃതി അദ്ദേഹത്തിൻെറ ശോഭനഭാവിയുടെ നാന്ദി മാത്രമാണെന്നു തൽക്കാലം സങ്കൽപ്പിച്ചാൽ മതിയാകും. മഹാകവികളെന്നു പിൽക്കാലത്തു പേരെടുത്തിട്ടുള്ളവരുടെയെല്ലാം ആദികാലത്തെ അവസ്ഥ ഈവിധമായിരുന്നെന്നനുമാനിക്കുന്നതിൽ അബദ്ധമില്ല. ചിലരുടെ പൂർവചരിത്രം എനിക്കുതന്നെ അറിയാവുന്നതുമാണു്.

ഈ സമാഹാരഗ്രന്ഥത്തിലെ കവിതകൾ എല്ലാം തന്നെ അത്യന്തം ഹൃദ്യങ്ങളും ആകർഷകങ്ങളുമായിരിക്കു

ന്ന സ്ഥിതിക്ക് അദ്ദേഹത്തിന്റെ ഭാവിയെക്കുറിച്ച് ശ ങ്കാധീനരാകേണ്ട ആവശ്യമില്ല.

ജോസഫ് പ്രസിദ്ധംചെയ്തിട്ടുള്ള കവിതകൾഎല്ലാം ഈ സമാഹാരഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്ര സിദ്ധം ചെയ്യാതെ എഴുതിവച്ചിരിക്കുന്നുവേറെയും, അവ യും കാലതാമസമെന്യേ അദ്ദേഹം പ്രസിദ്ധം ചെയ്യുമെ ന്നു ഞാൻ വിശ്വസിക്കുന്നു.

നമ്മുടെഭാഷയിൽ മഹാകവികളുടെ സംഖ്യ ഇപ്പോൾ വളരെ വിരളമാണ്. ഭാവിയിൽ ആ കുറവിനെ പരി ഹരിക്കേണ്ടതിങ്ങനെയുള്ള യുവകവികളാണ്. നിരന്തര മായ പരിശീലനവും ഗ്രന്ഥപരിചയവും കൊണ്ടു് ഇ പ്പോൾ വല്ല ന്യൂനതകളുമുണ്ടെങ്കിൽത്തന്നേയും ക്രമേണ അവ പരിഹരിക്കാവുന്നതാണ്' മലയാളകവികൾക്ക് സംസ്കൃതജ്ഞാനം കൂടിയേ തീരൂ എന്നുള്ള പക്ഷക്കാര നാണ് ഞാൻ മി. ജോസഫ് ആ വിഷയത്തിൽ പിൻ പന്തിയിലാണ് നിൽക്കുന്നതെങ്കിൽ അദ്ദേഹം ക്രമേണആ കുറവുകൂടി പരിഹരിക്കേണ്ടതാണ്. എന്റെ ഒരു വത്സല ശിഷ്യനായ മി. ജോസഫിന്റെ ഈ പ്രഥമകൃതിയെ സഹൃ ദയസമക്ഷം അവതരിപ്പിക്കുന്നതിൽ എനിക്കു വളരെ സ ന്തോഷമുണ്ടു്. മി. ജോസഫിന്റെ ശോഭനമായ ഭാവി ക്ക് ഞാൻ ദൈവത്തോടു് ഹൃദയപൂർവ്വം പ്രാർത്ഥിച്ചുകൊ ണ്ടു് ആ കൃത്യം നിർവഹിച്ചുകൊള്ളുന്നു.

ആയാംകുടി, പി. ആർ. ശങ്കരപ്പിള്ള.

മാന്നാർ
23-2-64.

# സ്മരണ

## 1. ജയിപ്പൂ സുദിനമേ!

### കേക

ഇൻഡ്യതൻ സ്വാതന്ത്ര്യത്തിൻ സ്മരണാകിരണങ്ങൾ
പൊന്തിവന്നണയുന്നു 'ഓഗസ്റ്റ് പതിനഞ്ചിൽ'
മാതൃരാജ്യമേ! നിൻെറ മക്കളീമഹനീയ-
മാമഹമുൽഘോഷിപ്പാനൊരുങ്ങിയെങ്ങും നില്പൂ.
ഉയരുന്നുണവ്വോടേ ദേശീയ പതാകകൾ
വിജയാഹ്ളാദമൊത്തു വിതറി പറക്കുമ്പോൾ
ഉന്നതാമോദം പൂണ്ടു കുഞ്ഞിളംകുമാരികൾ
പൊന്മണിത്തരി വളകിലുക്കിക്കളിക്കുന്നു!
മുല്ലപ്പൂമണമൊത്തു ലോലമാം കുളിർകാററു-
മെല്ലവേയൂതീടുന്നു ശ്രുതിതൻപ്രതീതിയിൽ!
എത്രയോ നൂററാണ്ടുകൾ ആശിച്ചും പ്രതീക്ഷിച്ചും
എത്രയോ ധീരാത്മാക്കൾ മൃതരായ് പോയെന്നാലും
ആ, മഹാഭാഗ്യാമൃതസ്വാതന്ത്ര്യസരിത്തതിൽ
ചേരുവാൻ വിജയിപ്പാൻ കൈയ്യണഞ്ഞല്ലോ ഭാഗ്യം!
ആരുതാനടിമത്തച്ചങ്ങല നീക്കാൻ വേണ്ടി
ഭാരതമാതിൻ മാറിൽ ജീവനാഹുതി ചെയ്തു:
ആ, മഹാനെക്കാലവും നിൻസുതർക്കുത്തേജനം
ആമയമെന്യേ നല്കും മാമുനിവരൻ 'ബാപ്പു'
ഇമ്മഹീമക്കൾക്കെല്ലാം മാർഗ്ഗദർശകൻ ധന്യൻ
നമ്മിലുന്നതകീർത്തി പ്രഹർഷം നേടിത്തന്നോൻ!
അഗ്ഗുരുവിൻെറ ശിഷ്യപ്രമുഖൻ 'ജവഹരിൽ'
ആഗോളപ്രശസ്തിയും മികവിൽ സമ്പാദിച്ചു
എന്തിതിൽ പരമമ്മേ! കൈവരാൻ ഞങ്ങൾക്കുള്ളൂ?
സന്തതം സമൃദ്ധിതൻ നിർവൃതിയുൽക്കർഷമായ്!
ജയിപ്പൂ സുദിനമേ! ജയിപ്പൂ സ്വാതന്ത്ര്യമേ!
ജയിപ്പൂ എക്കാലവും ''ഓഗസ്റ്റ് പതിനഞ്ചേ!!''

# 2 ചെറുപുഷ്പത്തിന്റെ ചിന്തകൾ

## ഗാഥ

നന്മലർവാടിയിൽ മെല്ലെവിരിഞ്ഞൊരു
ചൊല്ലെഴും റോസാപ്പൂവല്ലോ ഞാനും!
കണ്ടകകീർണ്ണമാം തണ്ടിലാണെങ്കിലും
ഇണ്ടലകന്നു വിലസുന്നു ഞാൻ!
കാന്തി വളരുന്നു വാസനം വീശുന്നു

പൂന്തേൻ നിറയുന്നെൻ ഭാഗ്യകാലം!
ഗാനശകലങ്ങൾ മൂളിയും പല്ലവ-
ജാലങ്ങൾ തൊട്ടു തലോടിക്കൊണ്ടും
വട്ടമിട്ടെന്തിനീമാരുതൻ വീശുന്നു
വിട്ടുമാറാതെന്റെ ചുറ്റുപാടും?

ആകാരഭംഗിയാലാകൃഷ്ടനാകയാൽ
ത്തുമധുചോരണം ചെയ്യുവാനായ്
ആശിച്ചും തമ്മിലിടഞ്ഞും മധുപങ്ങൾ
ക്ലേശിച്ചും ചുറ്റിപ്പറന്നിടുന്നു.
എന്നാലിതൊന്നിലും തങ്ങുന്നില്ലെൻ മനം

എല്ലാം വിരസം വിനാശഹേതു.
ഇപ്പൂവനത്തിലെ പുഷ്പസഖികളെൻ
ഉൾപ്പൂവിലെന്തെന്നറിഞ്ഞിടാതെ
അംഗ്യങ്ങൾകാണിച്ചിതന്നെഹസിക്കയോ;
തെന്നലിൻ സ്വാധീന ശക്തിയാലെ!

വാർമുടിക്കെട്ടിൽവഹിച്ചുംവിരിമാറിൽ
ഹാരമായ് ചേർത്തും വിഭൂഷയാക്കാൻ;
രമ്യഹർമ്മ്യങ്ങളിൽ മഞ്ജരിചാർത്തുവാൻ
കുഞ്ഞുങ്ങൾക്കൊന്നു കളിക്കുവാനായ്,
വാസനയേൽക്കുവാൻ ഭംഗികണ്ടീടുവാൻ,

വാട്ടവോളം കൂടെക്കൊണ്ടുപോകാൻ
ആരുംവരാമെന്നെക്കൊഴ്സ്റ്റൊട്ടത്തിടുവാൻ
ആലംബഹീനർക്കുള്ളൗദാര്യങ്ങാം!
എന്നുടെ ഭാവിയെഭാസുരമാക്കുവാൻ
ഇന്നിവരാരാലും സാദ്ധ്യമല്ല

മേളം തുളുമ്പുന്ന ലോകക്കടലിലേ
യോളത്തിൽപെട്ടു നശിച്ചുപോകാം!
വാസന വിട്ടു സുഷമവെടിവോളം
റോസാപ്പൂറാണിയെന്നോതിയേക്കാം!
സ്വന്തകാര്യംനേടാൻമാത്രം തുനിയുന്നോ-

രെന്തുമറ്റുള്ളോർക്കു നൽകിടുന്നു ?
എത്ര സുമങ്ങളീമട്ടു നശിച്ചുപോയ്
എത്തി നോക്കീലൊരു ജീവിപോലും
ഇങ്ങിതിലപ്പുറമൊന്നും ലഭിക്കില്ല,
എല്ലാംക്ഷണപ്രഭാചഞ്ചലങ്ങാം!

ഹാ! മമജന്മം വിഫലമോ?- അല്ല-ല്ല
നിർമ്മലൻ സ്നേഹസ്വരൂപനുണ്ട്;
സുന്ദരമാമീച്ചെടിയിലവിടുന്നു
പല്ലവമെത്തയിലെന്നെവച്ചു്,
തെന്നലിൽ താരാട്ടിമർമ്മരഗാനങ്ങ-

ളെന്നുമിലകളാലാലപിക്കെ;
തൃക്കരംതൊട്ടു വിടർത്തിദലങ്ങളിൽ
ചിത്രവർണ്ണാഭയരുളിക്കൊണ്ടു്
സ്നേഹനിശ്വാസം പരത്തിവിലോഭമാം
വാസനയേകിയെനിക്കുപിന്നെ

ആരും കൊതിക്കും മരന്ദമെൻഹൃത്തിലും
നേരായ് ചമച്ചുടൻ ദാനശീലൻ;
പൂമ്പൊടി പൊൻമുടി നൽകിയെന്നല്ലികാം
ചെമ്പവിഴക്കമ്പിയാക്കിയങ്ങു്,
ആ, വിശ്വശില്പിതൻ സൃഷ്ടിഞാനാകയാ-
ലാവശ്യമെന്നെയങ്ങേയ്ക്കു തന്നെ!

അല്ലും പകലും പിരിയാതവിടുന്നു
പള്ളികൊള്ളും തിരു "സക്രാരി" തൻ
മുന്നിൽ സമർപ്പിക്ക,യെന്നെയറുത്തുടൻ
എന്നഭിവാഞ്ഛയിതൊന്നുമാത്രം
അമ്മ വിസമ്മതിച്ചാലും സഹോദരൻ

ചുമ്മാനിലവിളി കൂട്ടിയാലും
ലോകം പഴിച്ചാലും മാമകമാനസം
പോലും പിടച്ചാലും സാരമില്ല.
നാഥാ! നീ തന്നെയാണെൻെറ സർവ്വസ്വവും
നീ, യൊഴിഞ്ഞാൽ പിന്നെ ശൂന്യമീ ഞാൻ

നിൻ തിരുമുമ്പിലെൻ രൂമണം രൂകണം
എൻെറ സുഗന്ധം പരത്തിടേണം.
പൂമ്പൊടി കാറ്റു്‌വെച്ചേണം നിൻകാരുണ്യ–
ഗാനങ്ങൾ വാനവരൊത്തു പാടി
പുഷ്പദളങ്ങളോരോന്നായ് സമർപ്പിച്ചും:
ആത്മബലിയായിത്തീരും ഞാനും.

—0—

# 3 റിക്ഷാക്കാരൻ

## കേക

''ഭൂവിലീ, മനുഷ്യാസ്ഥിപഞ്ജരം ധരിച്ചുകൊ–
ണ്ടീവിധം മൃഗത്തിൻെറ ജോലിചെയ്യുന്നിതാരോ?

ഹാ വെറും പാവം,പാവം, സാധുവാം 'റിക്ഷാക്കാര'–
നാകുലാഗ്നികുണ്ഡത്തിൽ നീറിടും തീക്കട്ടയോ?

ഉദയാസ്തമയങ്ങളും പോലുമി,ല്ലുറക്കമി–
ല്ലു,ദരത്തിൻെറ,യുലയുത്തിനേതീത്തീടുവാൻ!!

പട്ടണത്തുറയിലേ,യ്ക്കുഷസ്സിലെത്തീടുന്നു–
ണ്ടെട്ടണകെഞ്ചും വേലയ്ക്കാ,ളുകൊള്ളുവാൻവേണ്ടി

വ്യഗ്രതപൂണ്ടു വഴിക്കാരിലേയ്ക്കുനുതാപ–
ചക്രമാംമിഴികളെപ്പായിച്ചും ശീർഷം ചായ്ച്ചും!

കെഞ്ചുവാൻ തുടങ്ങുയായ് 'സാറേ! ഞാൻ വരട്ടേന്നു'
കൊഞ്ചുപോൽക്കുനിക്കൊണ്ടുപാണിയാൽവാപൊത്തിയും

തുടരും ചോദ്യത്തിൻെറ ഫലമൊന്നിടയ്ക്കുതാൻ
കിടയും; കുബേരനാം തടിയൻ, പണ്ടങ്ങളും,

''കൊണ്ടുപോ''റയിൽസ്റ്റേഷനെന്നു തീട്ടൂരംനൽകി
വണ്ടിയിൽക്കേറി, തണ്ടുപൊക്കിയാവലിക്കാരൻ,

ഓടുന്നു പാർശ്വത്തിലെത്തണ്ടിന്മേൽ കരം താങ്ങി
മാടുപോൽ കുതികൊണ്ടും വില്ലുപോൽ വളഞ്ഞുമേ!

''ഭൂമിയാമമ്മെ! യെന്നെ നീ വിഴുങ്ങില്ലേ–യില്ലേ''
യാമിഴിനീരുവഴി, നീളവേ ചോദ്യം ചെയ്യും;

മുന്നിലെ വിലങ്ങിന്മേൽ തല താഴ്ത്തുകിൽ മുടി–
ചിന്നിവീണലയ്ക്കുന്നു,യവനുള്ളുഴലതിൽ!

DHARMA… BANGALORE. 19395

തൽക്ഷണംകാണും വിഘ്നം തീർത്തുടൻ ഗമിക്കുവാൻ
പക്ഷിപോൽ കൊക്കിടുന്നു 'ഠായി''യെന്നിടയ്ക്കിടെ!

ആവി വണ്ടിയാമിവന്നുള്ളിലായെരിയുന്ന–
യാവിതൻ ശക്തിയല്ലോ തിരിയും ചക്രംരണ്ടും

ആരിലുമനുകമ്പാധീനരായ് കാണും ജോലി-
ക്കാരിത്ര നൾകാൻ കൂലി, നൽകിയാൽ തീരുന്നതോ?

ഹാ! മനുഷ്യനെ മർത്യൻ 'വലിച്ചു വലിക്കു'ന്ന
മനുഷ്യജന്മം കഷ്ടം ! എന്തിതിൽപരം ശോച്യം!?

മനുഷ്യാധമാ! നിന്റെ ഭാരവും പേറിക്കൊണ്ടീ–
മനുഷ്യനാണോ? മുൻപിൽ കുനിയോടുന്നോരിവൻ?

കണ്ണില്ലേ? യകക്കാമ്പിൽ കൈവിളക്കില്ലേ?–കഷ്ടം!
കണ്ണീരുചിന്നിച്ചാടും കാഴ്ചയെക്കണ്ടീടാനായ്
കൂലിയാളവൻ സത്യം കൂലി നീ നൾകുന്നുണ്ടാം
വേലതൻ നികൃഷ്ടത, യേന്തയേ, ധരിക്കാത്തു?
മനുഷ്യാസ്ഥിഖണ്ഡങ്ങൾ സജ്ജമായടുക്കീട്ടു
ഞൊറിയൻ തൊലിയാകുമുടുപ്പാൽ മൂടും ദേഹം

എങ്കിലുമിടയ്ക്കിടെ, യെല്ലുകൾ തലനീട്ടി.
ചങ്കുകൂടൊട്ടി, ചുളിവീണനെറ്റിക്കീറുമായ്,

കാണുമീ സ്വരൂപത്തെസ്സോദരനായിട്ടോരാൻ
മാനവാ! കഴിഞ്ഞെങ്കിൽ, നിനക്കു ജന്മം കാമ്യം.

# 4 പുത്രവിയോഗം

1 മറന്നിടുന്നില്ല മനസ്സതെല്ലും
നിറഞ്ഞഖേദത്തോടുതന്നെ നിൽപ്പൂ;
പറഞ്ഞിടാൻ വാക്കുകളില്ലകഷ്ടം!
കുറഞ്ഞിടുന്നില്ലുഴലെന്നുമുള്ളിൽ

2 ജനിച്ചുപോയെങ്കിൽ മരിക്കുമാരും
നിനയ്ക്കിലോ സംഗതി വാസ്തവം താൻ;
വിനപ്പെടും മൃത്യുപലേതരത്തിൽ
മനസ്സിലുൽക്കണ്ഠ വരുത്തുമാക്കും.

3 ചെറുപ്പകാലത്തുരിയാടി, യോടി
വെറുപ്പണയ്ക്കാത്തൊരു ബാലകൻ താൻ
മരിച്ചു വീഴുന്നതു കണ്ടുനിൽപ്പാൻ
കരുത്തു വന്നില്ല കരഞ്ഞുപോയ് ഞാൻ!

4 കാണുന്നിതെൻ മുന്നിലവൻെറ ചിത്രം
കാണേണ്ടയെന്നോർക്കിൽ വരുന്നു വീണ്ടും
കാണാൻ കൊതിക്കായ്കയതല്ല കണ്ണീർ-
വീണാനിലം കൂടെ നനയ്ക്കുവേണോ?

5 എടുപ്പതിന്നായ് കരവല്ലിനീട്ടി-
യടുത്തണഞ്ഞീടിനനാൾമുതൽക്കേ
ഉടൻതരുന്നമ്മകവിൾത്തടത്തിൽ
കൊടുത്തിടും നന്ദി തിരിച്ചുഞാനും

6 ചിരിച്ചു കൊഞ്ചിക്കളിയാടിയെന്നും
വരുന്ന കണ്ഠത്തിലവൻ പിടിപ്പാൻ
വരിഞ്ഞുകൈകോർത്തുടനാടി മുററും
ഒരുമ്പെടു 'ന്നാനകളി'പ്പതിന്നായ്.

7 തോന്നുന്ന സംഗീത 'മടിച്ചുവിട്ടു'
മെന്നും കിടക്കുന്നരികത്തണഞ്ഞു്,
പിന്നെച്ചിരിപ്പും കളിയും തകർപ്പും,
എന്നല്ല നിദ്രയ്ക്കു തുടങ്ങുവോളം.

8 നേരം പ്രഭാതത്തിലുണർന്നുകൊണ്ട-
ങ്ങോരോ തരം വാർത്തകളുച്ചരിച്ച്
ചാരത്തണഞ്ഞുള്ളൊരവന്റെ നില്പിൽ
ചോരും പ്രമോദാൽ ചിരിതാനെയെത്തും.

9 കുളിച്ചു ചീകിച്ചെറുന്നിക്കറിട്ടു,
വെള്ളപ്പുതങ്കും ബനിയൻ ധരിച്ചു,
വിളിക്കി‘‘ലെന്തോന്നു’’കഥിച്ചുകൊണ്ടും
തെളിഞ്ഞ പൂപ്പുഞ്ചിരിതൂകിയെത്തും.

10 ‘വാവച്ച’’നെന്നോട്ടു വിളിച്ചു കൊച്ചു-
വാവച്ചനായ്, പിന്നെ വിളിച്ചു ‘‘കൊച്ചു’’
ഏവർക്കുമാബാലകനാമമെത്ര-
പ്രാവശ്യമോ, കേൾപ്പതു കൗതുകംതാൻ.

11 പ്രഭാതഭോജ്യങ്ങളശിക്കുവാനായ്
സദാ വിളിച്ചെന്നരികത്തിലെത്തും
ഉദാരമായ് നല്കുവതൊന്നു മാത്രം
മുദാ വരിക്കും, പരിതൃപ്തനാകും.

12 യാത്രയ്ക്കു പോകുന്നളവിൽ പ്രസന്നം
മാത്രയ്ക്കു ശീലക്കുട നല്കയായി;
എത്രയ്ക്കു ‘‘മീട്ടായി’’ തരും വരുമ്പോൾ;
മാത്രം കഥിച്ചൻപൊടയച്ചിരുന്നു.

13 വിളിച്ചു കൂട്ടാളികളൊത്തു നിത്യം
കളിച്ചു തൂവേർപ്പണിമുത്തുമായി
വരുന്ന ബാലന്റെ മനോജ്ഞ വക്ത്രം
വിരിഞ്ഞ ചെന്താമരയെന്നു തോന്നും.

14 നടന്നുപോയീടുകിലെന്റെ മുൻപിൽ
നടക്കുവാൻ മോദമുയർന്നിരുന്നു;
ഒടുക്കമൊസ്സംഗതി, മൃത്യുവിങ്കൽ
കടക്കുമെൻ മുൻപിതി ചൊന്നതാവാം.

15 വിടർന്ന പൂക്കൾതരുവല്ലിതോറും
തുടർന്നു നീളേ നിരകത്തി നിൽക്കെ;
ഉടൻ പറിക്കാൻ കരമാരുയർത്തും,
ഇടഞ്ഞു നിൽക്കും ചെറുമൊട്ടിനായ് ഹാ!?

16 മരിച്ചിടും നാളിനു മുന്നമെന്റെ
ശിരസ്സിലാക്കൊച്ചു കരങ്ങളാലേ
ഒരല്പനേരം തുടരെത്തലോടി–
ട്ടൊരുമ്മതന്നങ്ങു ചിരിച്ചുനിന്നു.

17 മരിക്കുമക്കാലമെനിക്കു നല്കാൻ
തരപ്പെടാ ചുംബന,മെ.ന്നുകൊണ്ടോ?
ധരിച്ചു, ചിന്തിച്ചവനേകി മുന്നം
സ്മരിച്ചു, മാഴ്കാനിട, യിന്നിവന്നും,

18 നലംപെടും നന്മ തുടച്ചുമാററാൻ
കാലം, കരിംകൈയ്യുയരത്തിൽ നീട്ടി,
ധരസ്സുകത്താഴികൾ കൂട്ടി മർത്ത്യ-
ശിരസ്സു നീററുന്നു, മരുന്നിനാവാം !

19 നിരന്നു നില്ക്കും ഫലവൃക്ഷമത്രേ
കരിഞ്ഞു കാണുന്നതിൽ നല്ലതേററം;
കരഞ്ഞുപോകും കരൾപൊട്ടിയാരും
കുരുന്നിലഗ്നിപടർന്നുവീണാൽ! !

20 മരിക്കി,ലാ, നേരമടുത്തിരുന്നു
ശരിക്കു സംരക്ഷണമേൽക്കുവാൻ ഞാൻ
വരിച്ച പുത്രാ! ക[illegible]ിവന്നി,യെന്റെ
കരംകൾ കുത്തി പിരിയുന്നുവോ നീ?!

21 അടക്കിവച്ചുള്ളൊരു ജീവചക്രം
തുടർന്നു ചുററുന്ന ദിനങ്ങൾ തോറും;
ഇടഞ്ഞു, വച്ചാ നിലവിട്ടു, തെററി-
യുടഞ്ഞുപോകുന്നതു സഹ്യമാമോ?!

22 ജനിച്ചിടും ബാലകർ തൻ പിതാക്കൾ
നിനച്ചിരിപ്പൂ ഫലസിദ്ധി നേടാൻ;
നിനച്ചിടുന്നൊന്നു നരൻ, മറിച്ചു
വിനച്ചു ചിന്തിപ്പിതു കാലദോഷം!

23 കളിച്ചു മുണ്ടിട്ടു മുഖം മറച്ച്
ഒളിച്ചു ചോദിക്കു "മിതാരതെന്ന്"
കളിച്ചതല്ലേ;ന്ത്യഭക്ഷലമേന്തി
വെളിപ്പെടുത്താതെ പിരിഞ്ഞുവോ നീ?

24 കൊഴിഞ്ഞുവീഴാം പഴകും പ്രസൂനം;
പഴുത്തുവീഴാം ഫല,മെന്നതിങ്കൽ;
നിഷിദ്ധമോർക്കിൽ, ചെറുതൈകരിപ്പാ–
നൊഴിപ്പതീ 'ത്തീമഴ' കാളമേഘം!!

25 പിരിഞ്ഞുപോകേണ്ടവർ നിന്റെ മുന്നിൽ
നിരന്നു നിൽക്കും നിലയിൽ ദൃതം താൻ
മരിച്ചുപോകുന്നൊരു കൊച്ചുസൂനമോ!
കരഞ്ഞു ജീവിക്കണമത്ര ഞങ്ങൾ!!

26 ഞൊടിക്കു ലോകം പൊടിയാക്കിടാം, വാ–
നിടത്തിലെത്താം, ധ്രുവമെത്തിവാഴാം;
കടന്നുചെല്ലാത്തിടമില്ല മർത്ത്യൻ;
കടന്നതില്ലാമൃതി സീമമാത്രം!!

27 പറന്നുപോയ് ദേഹിവിയത്തിലെത്താൻ
മറന്നതാവാമുടൽ? ഞങ്ങൾ ചാറും;
മറഞ്ഞുമണ്ണിൽ തനുവും, പിരിഞ്ഞു
നിറഞ്ഞ കണ്ണീരൊടു നിൻ പിതാക്കൾ.

28 തിരിച്ചു നീ, പിൻപു വരുന്നവർക്കു
വരിക്കുവാൻ, വിണ്ണിലിടം പിടിപ്പാൻ;
ശരിക്കു മാലാഖ ഗണങ്ങളൊത്തു
വരിഷ്ഠദേവ സ്തുതി പാടി വാഴ്ക.

29 നിറുത്തിട്ടന്നു, മിഴി നീരിൽമുക്കി-
ക്കുറിപ്പതിന്നും കഴിവററുള്ളവൽ!!
മുറസ്സു ശോകത്തിരയിൽക്കിടന്നു
കറങ്ങി ഞാൻ നിന്നരികത്തിലെത്താം!!

-0-

# 5 ജൂലൈ മൂന്ന്

## കേക

ക്രിസ്തുവിൻ ഗണനീയ ശിഷ്യനാംസെൻതോമ്മസ്സേ!
സത്യവേദത്തിൻ ദീപംതെളിച്ച ദിവ്യാത്മാവേ!

ഞങ്ങൾക്കായ് സ്വജീവിതമർപ്പിക്കാൻ മടിയാതെ
ഞങ്ങൾതൻ ദേശത്തിങ്കലണഞ്ഞ മഹാത്മാവേ!

"നമുക്കു മിവനൊത്തു മരിക്കാം" ധീരോക്തിയാ-
സ്സമയമുൽകൃഷ്ടമായ് പ്രകടിപ്പിച്ച ധന്യാ!

തിരുവുത്ഥാനശേഷം പ്രഥമദർശനത്തിൽ
ഗുരുവേയാശ്ലേഷിച്ചിട്ടു "എൻ കർത്താവും ദൈവവും"

എന്നുദീരണം ചെയ്തു മുറിവിൽ വിരലിട്ടു
നന്നായി വിശ്വസിച്ച പ്രേഷിതവര!പ്രഭോ!

ഇവ്വിധം ഭക്ത്യാദരം രക്ഷനാഥനോടേററം
ഉർവ്വിയിൽ വാണോരുനാൾ പ്രദർശിപ്പിച്ച വിഭോ!

അന്ത്യമായവിട്ടത്തേ ദിവ്യ സൂക്തിയാദരി-
ച്ചിന്ത്യയിലണഞ്ഞോരു ദീനദയാവാരിധേ!

അന്ധകാരത്തിൻ തിരസ്സ്കൂടിമപ്പെട്ട ജന-
സന്തതിക്കായി സ്വർഗ്ഗപാത നീ തുറന്നല്ലോ!!

അജ്ഞതയ്ക്കധീനരിൽ യേശുവിൻ ദിവ്യാഹ്വാനം
വിജ്ഞാനപൂർവ്വം നൽകി ലോകരേ നയിച്ചല്ലോ!

ഇന്നുമാ ദീപത്തിന്റെ ദിവ്യമാം പ്രകാശത്താൽ
വന്നണഞ്ഞീട്ടുണ്ടെങ്ങും പ്രേഷിതചൈതന്യംഹാ!

ദീർഘനാളവിശ്രമം ക്ലേശിതയാനംമൂലം
ദൈർഘ്യമാംവിശ്വാസത്തെയരക്കിട്ടുറപ്പിച്ചു

നവമായ് ദാനംചെയ്ത പ്രേഷിതപ്പൂങ്കാവിതിൽ
വിവിധജാതി പ്പൂക്കൾ വിരിഞ്ഞു നിറയുന്നു!

ഫലിച്ചു, പിതാവേ! നിൻപ്രയത്നം;ഫലംകാണ്മാൻ
ജ്വലിക്കും ദിനേശന്റെ രശ്മിയാൽ നീ നോക്കുന്നോ!

വൈരികൾ വളർന്നന്ത്യം കുന്തത്തിൻ മുനയേറ്റു
മരണം വരിച്ചു നീ വേദസാക്ഷിയായല്ലോ?!

നിൻ രക്തസ്രവണത്താൽ പ്രേഷിതസമൂഹത്തെ
പാരം നീ വളർത്തുന്നു ഭാരതാരാമം തന്നിൽ.

ആ, മഹൽദിനം "ജൂലൈ മൂന്നു"താനോർമ്മയ്ക്കെന്നും
ഈ മഹിമുടങ്ങാതെ "ദുഹ്റാന"തിരുനാളായ്,

ഘോഷിക്കുന്നളവറ്റ സംതൃപ്തിപൂർവ്വം മക്കൾ
തോഷിപ്പൂ, വർഷംതോറും ഉന്നിദ്രമോദാൽതന്നേ!

ഞങ്ങൾതൻ പിതാവാകും മാർതോമ്മാമഹാമുനേ!
ഞങ്ങൾക്കായ് കർത്താവിങ്കൽ പ്രാർത്ഥിക്കാനിര-
(ക്കുന്നേൻ!!

# 6 അമ്മ

## കാകളി

അമ്മയെന്നമ്മയെന്നുള്ളൊരാ ചിന്തതൻ
സമ്മിശ്രമാറ്റൊലിയെൻെറ കർണ്ണങ്ങളിൽ
എന്നുമണഞ്ഞു ചിറകൊഞ്ഞടിക്കയാൽ
ഖിന്നമായ് തീരുന്നിതെന്നകക്കാമ്പിതാ.

അംബികേ! നിന്നിൽപിറന്ന നാം തൊട്ടിവ-
ന്നെന്നുമൊരാലംബമായിരുന്നോരു നീ,
എന്നെന്നുമാത്മാവിലാനന്ദഗീതങ്ങ-
ളൊന്നൊഴിയാതെ തുടർന്നിരുന്നോരു, നീ
ശില്പവിചിത്രവിതാനവിശേഷമാം
തല്പമായെന്നുമെനിക്കിരുന്നോരു നീ,
അല്ലലിൻ കാററടിക്കാതെ കണ്ടെപ്പൊഴും
നല്ല നിലയനമായിരുന്നോരു നീ,
നിത്യസ്നേഹാമൃതശൃംഖല പൊട്ടിച്ചു
താഴ്ത്തി നീ ദാരുണദീന ജലധിയിൽ!

ഇന്നിതുമൂലമായ് നിത്യമെൻ ചേതന
വിങ്ങിക്കരഞ്ഞു കരഞ്ഞു കഴിയുന്നു!
മുന്നമേ, നിൻ വരൻ വേർപെട്ടു പോകയാ-
ലന്നലതല്ലിയലച്ചോരു ജീവിതം,
പാരം വിശിഷ്ടമാമത്താണിയമ്മയി-
ലേറി വിശ്രാന്തി കൈക്കൊണ്ടു വർത്തിച്ചതും
ഹാ! നിഷ്ഫലംമേ തകർന്നു താഴത്തേയ്ക്കു
താനേ പതിക്കുന്ന രംഗം ഭയാനകം!
എന്നുമിതോർത്തു കരഞ്ഞു കഴിഞ്ഞിടാ-
മൊന്നിന്നുമാളല്ല ഞാനെന്തു ചെയ്യുവാൻ!?

താതൻ പിരിയുകിൽ നന്ദനർക്കാശ്രയം
മാതാവു തന്നെയാ,ണായവരും പോകിലോ?

കേവലമാഗ്രഹവാടി വാടീടുമാ-
റാവുള്ള സാദ്ധ്യം ഭയങ്കരം ചിന്തയിൽ!

... ... ....

എന്നു മാ കർഷക പുഞ്ചിരി തൂകിയീ
മന്നിടം നീണ്ടു നിവർന്നു കിടക്കയാം.

എത്രപേർ മുങ്ങിത്തുഴഞ്ഞു കൈനീട്ടി, ഹാ!
എത്തീല ലോകത്തിനാഴമറിയു വാൻ!

എത്രപേർ ചാടിത്തകർത്തു, കുലുക്കവാ—
നൊത്തില്ല നാണിച്ചിതിന്നടിപെട്ടുപോയ്!

ലോകമേ, നിൻ പുറമൊന്നു തങ്കക്കതിർ
ഹാ കണ്ടു നിന്നകം കള്ളക്കരിനിഴൽ!

ഈവിധം വഞ്ചന തിങ്ങി നിറഞ്ഞതാം
ജീവിതം കഷ്ടം, നിറുത്തു മതി മതി. !!

.... ... ...

അമ്മതന്നന്ത്യമാം വിശ്രമസ്ഥാനത്തി-
ലിമ്മകൻ ബാഷ്പകണങ്ങൾ വർഷിച്ചിടും;

എന്നുമെന്നോർമ്മയിൽ നിൻ സ്നേഹമാം ഖഗം
വന്നു പറന്നു പറന്നടിഞ്ഞീടുമേ.

എന്നുമെൻ ചിന്തകൾക്കപ്പുറം നിൽക്കുന്ന
സുന്ദര സ്വർല്ലോകചാരു പൂവാടിയിൽ

ഒന്നിച്ചുചേർന്നു സുഖിപ്പാനൊരുദിനം
വന്നിടുമെന്നൊരാ ചിന്തയിലിപ്പൊഴും

അമ്മേ, കഴിയുന്നിതോർത്തോർത്തു നിൻ മകൻ,
അമ്മയേക്കാണും ദിനംപാർത്തിരുപ്പു ഞാൻ!

നശ്വരലോകമേ! നിന്നിലെന്തുണ്ടു, ഹാ.
വിശ്വാസമററതായ് കാണുന്നു സർവ്വവും!

''അമ്മയില്ലാക്കുഞ്ഞിൻ കണ്ണീർ കണങ്ങളാ-
ലിമ്മന്നു മുങ്ങിക്കുളിക്കട്ടെ നിശ്ചലം!!

—0—

# 7 പന്തുകളി

## താരാട്ട്

''ഓണ''നാളായിരുന്നന്നു-അമ്മ
ഊണിനൊരുക്കിയിരുന്നു.

പന്തുകളിക്കുവാൻ പോണം-അമ്മേ
പന്തൊന്നെനിക്കു തരേണം.

''കുട്ടപ്പനും'' കൂടെപോട്ടേ-യിന്നു
ചേട്ടനാ പോകുന്നകൂടെ.

കുഞ്ഞേ, നീയെന്തുരചെയ്വൂ-യെൻറ
കുഞ്ഞിനിതിലെന്തറിവൂ ?

പാടാം നിനക്കമ്മെയൊത്തു-ഊഞ്ഞാൽ
ആടാം ചെറുമുണ്ടുടുത്തു്

കാലുവഴുതി നീവീഴും-പോയാൽ
മേലാകെ നൊന്തുടൻ കേഴും.

ഇല്ലമ്മേ; ഞാനൊന്നുപോകും-നെഞ്ചിൽ
തല്ലിയലച്ചല്ലേ ചാകും.

"തള്ളമാർ ചൊല്ലുകിൽ തള്ളം– പിള്ളേർ
കൊള്ളുകിലേയറിയുള്ളു.

ശാഠ്യം പിടിച്ചവൻ പോയി - പന്തു
കൂട്ടുകൂടിക്കളിയായി

കാലു മടക്കിയടിച്ചു—വീണു
കാലുതെററി നെഞ്ചടിച്ചു.

വല്ലാത്തൊരൊച്ചയിൽ കേണു –വായിൽ
പല്ലുകൾ രണ്ടു കണ്ടില്ല.

കൂട്ടനിലവിളി പൊന്തി–തള്ള
വീട്ടീന്നു കേട്ടോടിയെത്തി.

ചോരയിൽ കുഞ്ഞു മുഴുകി–വെള്ളം
ധാരയൊഴുക്കിക്കഴുകി,

പക്കരെ പീവിക്കൊട്ടുത്തു -വേഗം
ചെക്കനെ കൈയ്യിലെടുത്തു.

മാറതിൽചേർത്തു പുണർന്നു–ഖേദാൽ
ആറാത്ത കണ്ണുനീർ വാർന്നു.

"ചൊല്ലിില്ലാക്കുഞ്ഞതാവട്ടെ—തള്ളേ
തല്ലുന്ന നീചനമാട്ടേ.

അല്ലലാണ്ടുകിൽ വേഗം-അമ്മ
ചെല്ലാതിരിക്കില്ല; സ്നേഹം!!

അമ്മ പറഞ്ഞു പോകേണ്ട–മോനേ,
സമ്മതിച്ചില്ല നീ കുണ്ടോ?

"തന്നിഷ്ടം പൂണ്ടുള്ള ലോകം–പിന്നെ
ഖിന്നതയ്ക്കാധീനമാകും"

വന്നൊരബദ്ധം തെളിഞ്ഞു- കണ്ടു
അന്നവൻ കണ്ണാടിപോലെ.

കുഞ്ഞിൻ കരച്ചിലൊതുങ്ങി—ഏങ്ങി
കുഞ്ഞു പറയാൻ തുടങ്ങി.

“കുട്ടപ്പൻ പോകില്ല കേട്ടോ പന്തു
തട്ടുവാൻ മേലിൽ ഞാൻ തിട്ടം

അമ്മേ, ഞാനൊന്നു പറേണേ—യെനി
ക്കമ്മ പറഞ്ഞുതരേണേ.

“ചക്കരെ”പന്തു കളിച്ചാ—ലമ്മേ,
യൊക്കുവതീവിധോ തിന്നാൻ?

“പല്ലു”പോയ്” നാം കണ്ടോരെല്ലാം-പണ്ടു
പന്തുകളിച്ചവരല്ലേ?

ആർക്കുമീ പല്ലു പറിഞ്ഞു—പോകും
മാർഗ്ഗമിതാണോ? പറഞ്ഞേ?

ഒട്ടിതുകേട്ടു ചിരിക്കും-തള്ള
കുട്ടിയേനോക്കിക്കരയും.

കഷ്ടമീ “ചക്കരെ”തിന്നാൻ— മേലിൽ
വിട്ടാലുമാരിനി പോകാൻ?

അമ്മേ, ഞാൻ പോകില്ല നൂനം—ഇനി
അമ്മ പറയുന്നപോലെ!!

—0—

# 8 മാൻവെട്ടം കുന്നു്

## കേക

ജയിപ്പൂ നിത്യകാലം ജയിപ്പൂ നിർവ്വിശങ്കം
ജയിപ്പൂ, പ്രഹർഷമായംബികേ, "മാൻവെട്ട"മേ
പാവന പരിപൂത സേവനകവാടമായ്
ഭാവിയെ വിഭാവനം ചെയ്യുമെൻ സ്വദേശമേ;

ഉന്നതാകൃതി പൂണ്ട ചുററിലുമാരാമത്താൽ
ധന്യമാംനിലകാൺകിൽ'പാരഡൈസ്സെ'ന്നുതോന്നും

ഉദയാസ്തമയങ്ങടാം പൊൻകതിർ കുലകളാൽ
ഹാ! ദിനംതോറും ഗാഢം പുണരുന്നല്ലോ നിന്നെ;
നിൻ നാമനിക്ഷിപ്തമാം കീർത്തിയെ സംവഹിച്ചി-
ട്ടിന്നു മൂന്നക്ഷരത്താൽ തീർത്തതാം ചട്ടക്കൂടിൽ

ആരുമേയറിയാതെ ഗോപനം ചെയ്യുന്നല്ലോ?
ആര്യമാവാകാശത്തിൽ കൊണ്ടലിൽ മറയുംപോൽ!

എത്രയോ ശതവർഷം മുന്നമായ് മാൻ സമൂഹം
നൃത്തങ്ങടാം വർത്തുളമായ് നിൻ നിറുകയിൽ ചെയ്തു.

ആകയാലാവാം നിൻെറ നാമമാ"മാൻ''ശബ്ദത്തോ-
ടാകൃഷ്ടദ്യുതി പൂർവ്വം സംവഹിപ്പതും പിന്നെ!

എന്തഹോ! നിനക്കിനി കൈവരേണ്ടതായുള്ള
സന്തതം സൗഭാഗ്യം നിൻ നാമലക്ഷണംതന്നെ!

പൂർവ്വികന്മാരിൽ ചിലർ നിൻെറ യാ പ്രേമാകൃത-
പൂവലംഗസൌഷ്ടവപ്രകൃതം കണ്ടിട്ടാവാം;

അത്ഭുതപ്രവർത്തന പാടവദ്ധ്വനിയൊന്നാ-
ലി,ഭൂവിൽ വിഖ്യാതൻ''മാർ ഗീവർഗീസി''ൻ-
നാമത്തിൽ

ദൈവപൂജകരാം ചെയ്‌വാൻ ദേവകാരുണ്യമേൽ-
ക്കാൻ
ദൈവമന്ദിരം തീർത്തു കോമളം വിശാലാത്മകം!
ആരറിഞ്ഞീടുന്നു നിൻ ആദർശവിശുദ്ധിയും
ആരുമേ,യറിയേണ്ടെ,ന്നായിടാം മനോരഥം
മേരിനന്ദനൻ തന്റെ ശിഷ്യ പിൻഗാമിയായി
1 "ഹൈരാർക്കി" സ്ഥാപകനാം നിതാന്തവന്ദ്യതാതൻ
ജാതനായതും നിന്നിൽ; അന്നേ നീ "മലങ്കര-
മാതാ"വെന്നുള്ള സ്ഥാനലബ്ധിപൂണ്ടിരിപ്പതും"
പേരതിൽപരം കടന്നിന്നു നിൻ ശുഭാബ്ധിയിൽ
പൌരസ്ത്യദേശത്തിന്റെ "നസ്രസ്സായ്" തീർന്നീയും
2 പാവനചരിതരാം "നിതാന്തവന്ദ്യപാദർ"
ജീവിതം തുടരുവാൻ കൈവരിച്ചല്ലോ നിന്നെ!
അച്ചെറു ചേവടികാംവച്ചു നിൻ നിറുകയിൽ
വാച്ചസൌരഭ്യം വീശും പുണ്യമാം പൂക്കൾ ചൂടി,
ആ, വിശുദ്ധിയൊന്നല്ലോ നിന്നിലും തിങ്ങിടുന്നു
ജീവിതൈശ്വര്യങ്ങൾതൻ നിദാനം നിതാന്തമായ്!
ഇന്നവരേവർക്കുമേ മാതാവായ് ചമഞ്ഞുകൊ-
ണ്ടെന്നെന്നും നിന്റെ സ്തുതിഗീതങ്ങൾ മുഴക്കുന്നു
ധീരവീരവിശ്രുത സുതരീ നിന്നിൽ മേന്മേൽ
ചേരുവാൻ ജനിക്കുവാനിടയാകട്ടെ; വീണ്ടും!

—0—

1 മലങ്കര ഹൈരാർക്കി സ്ഥാപകനായ എർണ്ണാകുളം മെത്രാപ്പോലീത്തായായിരുന്ന മാർ ആഗസ്റ്റിൻ കണ്ടത്തിൽ തിരുമേനി ജനിച്ചതും സ്നാനം സ്വീകരിച്ചതും മാൻവെട്ടത്തുവച്ചാണ്.

2 ചങ്ങനാശ്ശേരിരൂപതാദ്ധ്യക്ഷനായിരുന്നകര്യാളശ്ശേരി മാർതോമ്മാ മെത്രാൻതിരുമേനിയും കോട്ടയം രൂപതാദ്ധ്യക്ഷനായിരുന്ന മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനിയും കുട്ടിക്കാലത്ത് ഈ മാൻവെട്ടത്തുവന്ന് താമസിച്ച് പഠിച്ചിട്ടുണ്ട്.

# 9 കുരിശിൽ!

## ഗാഥ

കാണുന്നു മുന്നിലായ് കാൽവേരിയിൽ ക്രൂശിൽ
ഞാന്നു കിടക്കുമെൻ രക്ഷകനേ!

ദൃഷ്ടി കുമ്പിട്ടു കരങ്ങൾ രണ്ടും വിരി-
ച്ചിട്ടു കാൽ നീട്ടികിടക്കുന്നല്ലോ!

മുന്നിരുമ്പാണിയാൽ ക്രൂശതിൽ കാൽകരം
ചേർന്നു തുളഞ്ഞു ചിന്തുന്നു രക്തം.

ആയിരമായിരമാലംബഹീനരി-
ലാശിസ്സു നൽകിയ തമ്പുരാനേ!

ക്രൂശിനാൽ പാപത്തിൻ മാലിന്യം നീക്കുവാൻ
ക്ലേശിതനായി മരിച്ചവനേ!

ശോണിതം ചോർന്നും, തിരുവാ തുറന്നൽപ്പം
കാണുമാക്കാഴ്ച ഭയാനകം താൻ!!

ഏകവ്രണാകൃതി പൂണ്ടുതിരുമേനി-
യാകെ വിരൂപമായ് തീർന്നിരിപ്പൂ!

മൂർദ്ധാവിലേമുടി, തൻ തിരുച്ചോരയെ
തീർത്തും തുളച്ചുപുറത്തൊഴുക്കി

പാരിന്റെ പാപം, മരക്കുരിശിൽ നാഥൻ
ചോരയൊഴുക്കിക്കഴുകുകയോ?

ഓരോ ഞരമ്പസ്ഥി മർദ്ദനപീഡയാൽ
ചോരവറ്റിക്കരിവാളിച്ചേറ്റം.

ആ നിറം മാനുഷമാനസപങ്കത്തെ
താൻ വെളിവാക്കി തരുന്നതാവാം.

രക്തപ്പുഴയിൽ മുഴുകിത്തിരുമുടി–
യൊക്കെയും തുമ്പിൽ നിന്നിററുനിണം !

കട്ടിയേറും മനുഷ്യന്റെയേതുംക്കാമ്പും
പൊട്ടിത്തകരുമിക്കാഴ്ച കണ്ടാൽ !

അന്ത്യമായ്‌ കുന്തം കടന്നു, വിലാപ്പുറം
ചിന്തിയവസാനത്തുള്ളികൂടെ!

എന്തിതിലപ്പുറമേൽക്കുവാൻ മക്കൾക്കു
തൻ തിരുമെയ്യിലിരിപ്പതുള്ളു?

ലോക'മായ'ക്കരിംചേറിൽ മുഴുകവേ
ലോകനേത്രം കാണില്ലൊന്നും കാഴ്ച!

ഈശോ തൻ പീഡാസഹനങ്ങളോരോന്നും
ആശാപാശങ്ങളാലാവൃതരാം

ഓരോ മനുഷ്യനനുദിനം ചെയ്തിട്ടും
ഘോരപാപത്താലെന്നോർത്തു നമ്മൾ

നാഥപദാന്തികം ചേർന്നു കണ്ണീരൊട്ടും
താതാ പൊറുക്കുകെൻ 'പാപ' മേവം

പ്രാർത്ഥിച്ചു ക്രൂശടിപ്പൂകുക; പാപത്താൽ
മർദ്ദനം താതനു ചേർത്തിടായ്ക !!

–0–

# 10 ആർക്കുവേണ്ടി.

## കാകളി

എന്തിനായ് ഞാൻ ജനിച്ചെന്നതും, ഭൂവിതിൽ
എന്തിന്നുജീവിപ്പതെന്നതും ചിന്തിക്കിൽ

ഇന്നു വരേയ്ക്കുമേയുത്തരം കിട്ടാതെ
എന്നുമാചോദ്യം നിഴലിച്ചു കാൺമൂ ഞാൻ !

ഉർവ്വിയിൽ മാനുഷരൊക്കെയീചിന്തയിൽ
നിർവ്വിശങ്കം താണു മുങ്ങിത്തിരിഞ്ഞിടാം!

കുഞ്ഞായ് ജനിക്കുന്നു, കൌമാരകാലം ക-
ഴിഞ്ഞാ,യുവാവായ്, വയോവൃദ്ധനായുമേ,

ജീവിതം പോകുന്നിടയ്ക്കും മരിച്ചിടും
ജീവന്റെ വേർപാട്ട് മൃത്യുതാനല്ലയോ?

മർത്ത്യൻ പിറപ്പിലും മൃത്യുകാലത്തിലും.
പേർത്തും കരഞ്ഞു കണ്ണീരിൽ കുളിക്കുന്നു.

ലോകത്തിൽ ജീവിതം പോക്കും ജനനത്തിന്നു
ശോകത്തിരയിൽത്തിരിയാതെ സാദ്ധ്യമോ?

ആശക്കൊടുങ്കാറ്റൊടുങ്ങാതടിയ്ക്കുകി
ലാശിപ്പതൽപ്പം ലഭിച്ചെന്നു, മില്ലെന്നു—

മായിടാമല്ലാതെയാർക്കും പരിതൃപ്ത
രായിട്ടു വിട്ടുപിരിയാവല്ലഹോ

'കുഞ്ഞായ് ജനിച്ചനാളമ്മഞ്ഞായുണ്ടമ്മ-
യോടൊത്തു കൈകളുംനുണഞ്ഞു കൊണ്ടപ്പോഴം.

കൈകാൽ കുടഞ്ഞു,മടുത്തിരിക്കുന്നോരിൽ
മൈക്കൺമുനക്കോണെറിഞ്ഞു ചിരിച്ചതും,

എത്രയോ ഭാഗ്യോദയത്തിന്റെ കാലമാ-
ണെ,ന്നുചിന്തിക്കിലുമിന്നറികെത്തുമോ?

അച്ഛനുമമ്മയും മാറി മാറിക്കൈ പി–
ടിച്ചങ്കണത്തിൽ നടത്തിയ കാലങ്ങൾ;

വേച്ചു മിടയ്ക്കുമറിഞ്ഞുവീണും, കര–
ഞ്ഞൊച്ചയിലോടിയെടുത്തുമ്മ വച്ചതും

ആനന്ദ പീയൂഷമായിരുന്നോർക്കുകിൽ!
ആ, നല്ല നാളേ! കഴിഞ്ഞെങ്ങുപോയി നീ?

ബാലനായ് ചാടി മറിഞ്ഞു പിള്ളേരൊത്തു
ലീലയിലെപ്പൊഴും നേരം കഴിച്ചതും

ഓലയും മണ്ണുമായ് ആശാനടുത്തെത്തി
ശീലിച്ച വിദ്യ, യക്കാലങ്ങളൊക്കെയും

മായ്ക്കിലും മായാതെ മാനസതാരതിൽ
ഓർക്കാണിപ്പൊഴു,മെപ്പോഴും സസ്മിതം!

നിത്യം സതീർത്ഥ്യരോടൊത്തു സ്കൂളിൽ പഠി–
ച്ചെത്തിയ കാലമെനിക്കിന്നുമോർമ്മയിൽ

പൊന്തി വന്നീടുന്നു,തേൻ തളിക്കുന്നെൻെറ
ചിന്തയിൽ യാത്രാദി സന്ദർഭമെത്തവേ!

ഓരോ വിഷയവും, ശിക്ഷണപൂർവ്വകം,
നേരായ മാർഗ്ഗേ പഠിപ്പിച്ചദക്ഷരാം

ആ, വന്ദ്യദേശികന്മാരേവരേയുമെൻ
ജീവിതം തീരുംവരേയ്ക്കും സ്മരിക്കുമേ!

ചിത്തം കുളിർക്കും സുവർണ്ണകാലം കഴി–
ഞ്ഞെത്താം വിപത്തിൻ കഷായം കുടിക്കലിൽ

അന്നതിൻ നാന്ദിയായ് ഓരോ ദുരന്തങ്ങൾ
വന്നുകൂടും മർത്ത്യജീവിതച്ചോളയിൽ!

അമ്മയുമച്ഛനും വേർപെട്ടു മൃത്യുവാൽ,
ഇമ്മന്നിലേകനായ് വാഴേണ്ടിവന്നതും,

യൌവ്വനത്തിൻെറ വളർച്ച തകർച്ചയിൽ
ചൊവ്വേപതിച്ചു വിഷാദാൽ കഴിഞ്ഞതും,

DHARMARAM COLLEGE LIBRARY
19395
BANGALORE.

ശോകാന്തനാടകം താനേ നടത്തിയി-
ട്ടേകാന്തതയിൽ കഴിയേണ്ടി വന്നതും

ഓർക്കുകിൽ ചീർക്കുന്നു, ഖേദാൽ മനസ്സാകെ,
''ആർക്കുവേണ്ടി'' ചോദ്യമിത്ഥം മുഴങ്ങുന്നു!

ഇന്നിതാ വാർദ്ധക്യ പാതയിലെത്തി ഞാ-
നൊന്നതാ, കാണുന്നു വഞ്ചനാലോകവും!

ആരും കൊതിക്കുന്ന ജീവിതം, എങ്കിലോ
ആരിലും വാർദ്ധക്യമാശങ്കച്ചേർത്തിടും!

ദൈവമഹത്വം സ്തുതിച്ചു ശിഷ്ടായുസു-
ജീവിപ്പാനീശനേ, കൈതൊഴുന്നേനുമേ!!

-★-

19395

DHARMARAM LIBRARY

Author JOSEPH, P Manvettam

Title Smarana.

| Date Due | Bor. | Date Due | Bor. | Date Due | Bor. |
|---|---|---|---|---|---|
| | | | | | |

DC Library
*00019395*
T61 M32

# സ്മരണ

★

ഗ്രന്ഥകർത്താവ്

ജോസഫ് പി. മാൻവെട്ടം

★

1964.

M32

T61
M32

വില. 75 പൈസ.